**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**
**(ജൂൺ 08 – 14 , 2018)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2018 – 24** **Dt. 07 .06.2018**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

ഫലവൃക്ഷങ്ങളും പച്ചക്കറികളും നടാനുള്ള സമയമാണിത്. കുഴികൾ എടുത്ത്, സെന്റൊന്നിന് രണ്ടരക്കിലോ കുമ്മായം ഇട്ട് ഒരാഴ്ച്ച കഴിഞ്ഞ് പച്ചിലയും കാലിവളവും ചേർക്കണം. ഉദ്ദേശം മൂന്നാഴ്ച്ച കഴിഞ്ഞ് തൈകൾ നടാം. മഴക്കാലത്ത് ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്ത് ഇടേണ്ടതും തൈ നടേണ്ടതും. മുളക്, വഴുതന, പച്ചചീര, വെണ്ട തുടങ്ങിയ വിളകൾ വർഷക്കാലത്ത് നടാൻ യോജിച്ചവയാണ്. അടുക്കളത്തോട്ടത്തിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം. സെന്റിന് 100 കി.ഗ്രാം എന്ന തോതിൽ ജൈവ വളം വേണ്ടി വരും. കാലിവളം, കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, എല്ല്പൊടി,പച്ചില, ചാരം, വിവിധതരം പിണ്ണാക്കുകൾ തുടങ്ങിയവ ഉപയോഗിക്കാം. ജൈവ വളങ്ങളോടൊപ്പം രാസവളങ്ങളും നൽകാം. സെന്റൊന്നിന് 1 കിലോഗ്രാം യൂറിയ, 1.25 കി.ഗ്രാം മസ്സൂറിഫോസ്, 500 ഗ്രാം പൊട്ടാഷ് ഇവ പല തവണകളായി ചേർത്തു കൊടുക്കാം. നേർവളങ്ങൾക്കു പകരം പച്ചക്കറി വിളകൾക്കായുള്ള മിശ്രിതവും ചേർക്കാം. നൈട്രജൻ വളങ്ങൾ കൂടുതലുപയോഗിക്കുന്നത് രോഗകീടങ്ങൾക്ക് വഴിയൊരുക്കും.

ഇടവപ്പാതി തുടങ്ങുന്നതോടെ ഉയർന്ന തവാരണകൾ ഉണ്ടാക്കി വിത്തുതേങ്ങകൾ പാകാം. വെള്ളം കെട്ടിനിൽക്കാതിരിക്കാൻ നീർവാർച്ച സൗകര്യം ഉറപ്പുവരുത്തണം.

ബാക്ടീരിയ മൂലമുണ്ടാകുന്ന വാട്ടരോഗം മഴക്കാലത്ത് ഇഞ്ചിയിൽ കണ്ടു വരുന്ന പ്രധാന രോഗമാണ്. ചെടികൾ പെട്ടെന്ന് വാടുകയും കടചീയുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. 'പച്ചവാട്ടം' എന്നറിയപ്പെടുന്ന ഈ രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം രോഗം ബാധിച്ചവ പിഴുത് മാറ്റിയശേഷം കുമ്മായം സെന്റൊന്നിന് 2.5 കിലോ വീതം ഇടണം എന്നിട്ട് ഒരാഴ്ച്ച കഴിഞ്ഞ് 1 കിലോഗ്രാം സ്യൂഡമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് രോഗം ബാധിച്ച തടങ്ങളിലും അതിനു ശേഷം ചുറ്റുമുള്ള തടങ്ങളിലും ഇട്ട് കൊടുക്കണം.

കമുകിൻ തൈകൾ ഈ മാസത്തിലും നടാം. നല്ല തൈ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇലകൾ കൂടുതലുള്ളതും അധികം പൊക്കം ഇല്ലാത്തതുമായ തൈകൾ തെരഞ്ഞെടുക്കണം. മംഗള, സുമംഗള, ശ്രീമംഗള, മോഹിത് നഗർ എന്നിവ ഉല്പാദനശേഷി കൂടിയ ഇനങ്ങളാണ്. കുമിൾ രോഗത്തിനെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം പശ ചേർത്ത് തളിച്ചു കൊടുക്കണം. തോട്ടത്തിലെ നീർവാർച്ച മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

വാഴകളിൽ കാണപ്പെടുന്ന ഇലപ്പുള്ളി രോഗം നിയന്ത്രിക്കാനായി രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി നശിപ്പിച്ച ശേഷം ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം സാൻഡോവിറ്റ് എന്ന പശ രണ്ട് മി.ലി, ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് ഇലയുടെ രണ്ട് വശത്തും വീഴ്ത്തക്കവണ്ണം തളിച്ചു കൊടുക്കണം.

അല്ലെങ്കിൽ സ്യൂഡമോണാസ് എന്ന ബാക്ടീരിയ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുന്നത് ഈ രോഗം വരാതിരിക്കാനും നിയന്ത്രിക്കാനും നല്ലതാണ്.

**അറിയിപ്പ്**

**1.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ താഴെ പറയുന്ന വിഷയങ്ങളിൽ സൗജന്യപരിശീലനം നൽകുന്നു.

| ക്രമ നമ്പർ | പരിശീലനത്തിന്റെ പേര് | തിയ്യതി |
|---|---|---|
| 1. | ശാസ്ത്രീയ ആടുവളർത്തൽ | 11/06/2018 |
| 2. | തേനീച്ച വളർത്തൽ | 13/06/2018 |
| 3. | ജൈവ കൃഷി - ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉത്പാദനം | 14/06/2018 |
| 4. | നെല്ലിലെ സംയോജിത കീടരോഗ നിയന്ത്രണം | 25/06/2018 |
| 5. | പച്ചക്കറി കൃഷി | 26/06/2018 |
| 7. | നഴ്സറി - പരിപാലനം | 29/06/2018 |

പരിശീലന പരിപാടിയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനായി **0487-2375855, 9400483754** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവരെ മാത്രമേ പരിശീലനത്തിൽ പങ്കെടുക്കാൻ അനുവദിക്കൂ.

**പ്രത്യേകം ശ്രദ്ധയ്ക്ക്**

കാർഷിക സർവ്വകലാശാലയുടെ വിത്ത്, നടീൽ വസ്തുക്കളും, ഉല്പന്നങ്ങളും സർവ്വകലാശാല കേന്ദ്രങ്ങളിൽ നിന്നു മാത്രമേ ലഭിക്കുകയുള്ളൂ എന്ന് സർവ്വകലാശാല അറിയിച്ചു. സർവ്വകലാശാല ഉല്പന്നങ്ങൾ വിറ്റഴിക്കാൻ മറ്റ് ഏജൻസികളെയൊന്നും ചുമതലപ്പെടുത്തിയിട്ടില്ല എന്നും സർവ്വകലാശാലയുടെതെന്ന പേരിൽ സ്വകാര്യ ഏജൻസികളോ വ്യക്തികളോ വില്ക്കുന്ന ഉല്പന്നങ്ങൾ സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കില്ല എന്നും പൊതുജനങ്ങൾ വഞ്ചിതരാകരുതെന്നും അറിയിക്കുന്നു.

**ഒപ്പ്**
**പ്രൊഫസർ & ഹെഡ്**
**കമ്മ്യൂണിക്കേഷൻ സെന്റർ**